പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1485** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>സർവ്വകലാശാല ഭരണത്തിൽ സർക്കാരിന്റെ നിലപാട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. എ. പ്രഭാകരൻ

ശ്രീ. എം. വിജിൻ

ശ്രീ. യു. ആർ. പ്രദീപ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സർവ്വകലാശാലകളിൽ ചാൻസലർ നടത്തുന്ന നിയമനങ്ങളിലും ഭരണപരമായ തീരുമാനങ്ങളിലും സംസ്ഥാന സർക്കാരിന്റെ നിയമപരമായ അധികാരങ്ങളും സർവകലാശാലകളുടെ സ്വയംഭരണവും സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** |സംസ്ഥാനത്തെ പൊതു സർവകലാശാലകളുടെ ചാൻസലർ സ്ഥാനം വഹിക്കുന്ന ഗവർണർ സർവകലാശാല വൈസ് ചാൻസലറുടെ നിയമനങ്ങളാണ് നടത്തി വരുന്നത്. വൈസ് ചാൻസലർ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റികളിൽ സർവകലാശാലാ സിൻഡിക്കേറ്റുകളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തി സെർച്ച് കമ്മിറ്റികൾ കാര്യക്ഷമമാക്കുന്നതിനും, യുജിസി മാർഗനിർദേശങ്ങൾ അനുസരിച്ച് വൈസ് ചാൻസലർ നിയമനങ്ങളുടെ പരമാവധി പ്രായപരിധി 70 വയസ്സായി ഏകീകരിക്കുന്നതിനും ഉദ്ദേശിച്ചു കൊണ്ട് സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**(ബി)** നിലവിലെ സർക്കാർ അധികാരമേറ്റശേഷം ഗവർണറുടെ ഏതെങ്കിലും സർവ്വകലാശാല നിയമനങ്ങളിലോ ഭരണപരമായ തീരുമാനങ്ങളിലോ എതിർപ്പോ വിയോജിപ്പോ രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിഷയങ്ങളും സ്വീകരിച്ച തുടർനടപടികളും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽ പെട്ടിട്ടില്ല

**(സി)** സർവ്വകലാശാലകളിലെ രാഷ്ട്രീയപ്രേരിത നിയമനങ്ങളെയും ഇടപെടലുകളെയും സർക്കാർ പ്രതിരോധിക്കുന്നില്ലെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** (ബി) പിരിവിന്റെ അതേ ഉത്തരം

**(ഡി)** സർവ്വകലാശാല നിയമങ്ങളും ബാധകമായ യു.ജി.സി. ചട്ടങ്ങളും പാലിച്ചാണ് നിയമനങ്ങളും ഭരണപരമായ തീരുമാനങ്ങളും നടക്കുന്നതെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സർവ്വകലാശാല നിയമങ്ങളും ബാധകമായ യു.ജി.സി. ചട്ടങ്ങളും പാലിച്ചാണ് സർവ്വകലാശാലകളിൽ അധ്യാപക നിയമനങ്ങൾ നടത്തുന്നത്.

സർവ്വകലാശാലകളിലെ 16 അനധ്യാപക തസ്തികകളുടെ നിയമനം 06.11.2020 ലെ സ.ഉ.(അച്ചടി) നം. 37 /2020-ഉ.വി.വ. ഉത്തരവ് മുഖേന കേരള പബ്ലിക് സർവീസ് കമ്മിഷന്റെ പരിധിയിൽ കൊണ്ട് വന്നിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു) കൂടുതൽ തസ്തികകൾ കേരള പബ്ലിക് സർവീസ് കമ്മിഷന്റെ പരിധിയിൽ കൊണ്ടു വരുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കേരളത്തിലെ സർവ്വകലാശാലകളിലെ വിവിധ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള യോഗ്യത, വയസ്, ശമ്പള സ്കെയിൽ, നിയമന രീതി എന്നിവ നിർണ്ണയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.37/2020/ഉ.വി.വ** തീയതി,തിരുവനന്തപുരം, 06/11/2020

---

പരാമർശം:- 1. 26.02.2016 ലെ സ.ഉ(അ.) നം. 7/2016/ഉ.വി.വ ഉത്തരവ്

2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 01.10.2020 തീയതിയിലെ A3-2/50002/2018-KPSC നം. കത്ത്.

**<u>ഉത്തരവ്</u>**

2015 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് പ്രകാരം സർവ്വകലാശാലകളിലെ വിവിധ അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിട്ടുണ്ട്. വിവിധ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിന് ഉതകുന്ന രീതിയിൽ ഓരോ സർവ്വകലാശാലകളിലെയും ഓർഡിനൻസ്, സ്റ്റാറ്റ്യൂട്ട്, റെഗുലേഷൻ എന്നിവ ഭേദഗതി ചെയ്യുന്നത് ദുഷ്കരവും കാലവിളംബം നേരിടുന്നതുമായതിനാൽ, അതിനുപകരമായി 2015 ലെ ആക്ടിലെ (3) -ാം വകുപ്പ് പ്രകാരം ഇക്കാര്യത്തിൽ സർക്കാരിന് ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സർക്കാർ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് വിവിധ സർവ്വകലാശാലക ളിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്. II എന്നീ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി 26/02/2016 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 7/2016/ഉ.വി.വ പ്രകാരം ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതുപ്രകാരം പി.എസ്.സി പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഭരണപരമായ കാര്യങ്ങളാലും, വിവിധ സർവ്വകലാശാലകളിലായി അനേകം സാങ്കേതികവും, അന്യാദൃശ:വുമായ തസ്തികകളെയും സംബന്ധിച്ച് പലവിധ സങ്കീർണ്ണതകളും ഉള്ളതിനാലും, ഇവയിലെല്ലാം ഒരുമിച്ച് സ്പെഷ്യൽ റൂൾസ് കൊണ്ടുവരുകയും അതിനനുസൃതമായി

ഓരോ സർവ്വകലാശാലയുടെയും ഓർഡിനൻസ്, സ്റ്റാറ്റ്യൂട്ട്, റെഗുലേഷൻ എന്നിവയിൽ ഭേദഗതി വരുത്തുന്നതും ദുഷ്കരവും, കാലവിളംബം നേരിടുന്നതായതിനാലും ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തും, സർവ്വകലാശാലകളുടെ സുഗമമായ പ്രവർത്തനത്തിൽ അനദ്ധ്യാപക ജീവനക്കാരുടെ അഭാവം തടസ്സമുണ്ടാക്കുമെന്നതിനാലും, സർവ്വകലാശാലകളിലെ വിവിധ അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിലേയ്ക്കായി ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് സർക്കാർ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയുണ്ടായി. 2015 ലെ ആക്ട് പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ സർവ്വകലാശാലകളിലെ വിവിധ അനദ്ധ്യാപക തസ്തികകളുടെ യോഗ്യത, വയസ്, ശമ്പള സ്കെയിൽ, നിയമനരീതി എന്നിവ നിർണ്ണയിക്കുന്നതിലേയ്ക്കായി ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അഭിപ്രായപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സർവ്വകലാശാലകളിലെ വിവിധ അനദ്ധ്യാപക തസ്തികകളുടെ നിയമനചട്ടങ്ങൾ കാലങ്ങളായി രൂപീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലെ ചുവടെപ്പറയുന്ന അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ നിയമനരീതി, ശമ്പള സ്കെയിൽ, യോഗ്യത, വയസ്, നിരീക്ഷണ കാലഘട്ടം എന്നിവ നിർണ്ണയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

പ്രൊബേഷൻ : അനുബന്ധമായി ചേർത്തിരിക്കുന്ന തസ്തികകളിൽ നിയമിക്കപ്പെടുന്നവർ സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രൊബേഷനിലായിരിക്കും. (1). ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ പ്രൊബേഷൻ കാലാവധി തുടർച്ചയായ 3 വർഷ കാലയളവുള്ള സേവനത്തിൽ ആകെ ഒരു വർഷം ആയിരിക്കുന്നതാണ്. (2). മറ്റു തസ്തികകളുടെ പ്രൊബേഷൻ കാലാവധി തുടർച്ചയായ 3 വർഷ കാലയളവുള്ള സേവനത്തിൽ ആകെ രണ്ടു വർഷം ആയിരിക്കുന്നതാണ്. കൂടാതെ പ്രൊബേഷനുമായി ബന്ധപ്പെട്ട് നിശ്ചയിച്ചിട്ടുള്ള വകുപ്പുതല പരീക്ഷയും പാസായിരിക്കണം.

സർവ്വകലാശാലകളിലെ അനധ്യാപക തസ്തികകളിൽ ഉൾപ്പെട്ടുവരുന്ന ഈ തസ്തികകളുടെയും ശേഷിക്കുന്ന മറ്റു തസ്തികകളുമായി ബന്ധപ്പെട്ടുമുള്ള സ്പെഷ്യൽ റൂൾ സർക്കാർ പിന്നീട് പുറപ്പെടുവിക്കുന്നതായിരിക്കും.

എല്ലാ സർവ്വകലാശാലകളും ഈ തസ്തികകളുമായി ബന്ധപ്പെട്ട് അതാതു സ്റ്റാറ്റ്യൂട്ടുകളിൽ ആവശ്യമായ ഭേദഗതികൾ അടിയന്തരമായി വരുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ.ഉഷ ടൈറ്റസ്
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള/എം.ജി./കാലിക്കറ്റ്/കുസാറ്റ്/ശ്രീ.ശങ്കരാചാര്യ സംസ്കൃത/കണ്ണൂർ/ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം/നുവാൽസ്/എ.പി.ജെ അബ്ദുൾകലാംസാങ്കേതിക ശാസ്ത്ര/കേരള കാർഷിക/കേരള വെറ്ററിനറി & അനിമൽ സയൻസ്/കേരള ആരോഗ്യ/ കേരള ഫിഷറീസ് & സമുദ്ര പഠന- സർവ്വകലാശാല

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്)കേരള, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

ഡയറക്ടർ, കോളേജ് വിദ്യഭ്യാസ ഡയറക്ടറേറ്റ്

ഡയറക്ടർ, സാങ്കേതിക വിദ്യഭ്യാസ ഡയറക്ടറേറ്റ്

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ്

www.highereducation.kerala.gov.in

ഓഫീസ് കോപ്പി (ബി 2/24/2017/ഉ.വി.വ)/സ്റ്റോക്ക് ഫയൽ

പകർപ്പ്:

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.ഉന്നത വിദ്യഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഉന്നത വിദ്യഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | തസ്തിക | നിയമനരീതി | ശമ്പള സ്കെയിൽ | അടിസ്ഥാന യോഗ്യത | പ്രായപരിധി | നിയമനാധികാരി |
|---|---|---|---|---|---|---|
| 1 | ലാസ്റ്റ് ഗ്രേഡ് സെർവന്റ് (ഓഫീസ് അറ്റന്റന്റ്), വാച്ച്മാൻ, സ്പെസിമെൻ കളക്ടർ, ഗാർഡനർ, സ്റ്റേഡിയം കീപ്പർ, റൂം ബോയി, ബയറർ, ബസ് ക്ലീനർ, ഗ്യാസ് മേക്കർ, മെസ് ബോയി, ഹെൽപ്പർ, ലാസ്ക്കർ, പാക്കർ, ഗേറ്റ് കീപ്പർ, ഫിൽറ്റർ പ്രിന്റ് ക്ലീനർ, അനിമൽ റൂം അസിസ്റ്റന്റ്, ലൈബ്രറി ബോയി, ബസ് അറ്റന്റന്റും അത്തരത്തിലുള്ള മറ്റ് തസ്തികകളും) | നേരിട്ടുള്ള നിയമനം | രുപ.16,500 -35,700 | മലയാളം എഴുതാനും വായിക്കാനും ഉള്ള കഴിവ്. ഏഴാം സ്റ്റാൻഡേർഡ് പ ാസ്സായിരിക്കണം. ബിരുദം നേടിയിരിക്കുവാൻ പാടുള്ളതല്ല. (ഈ വിഭാഗത്തിലുള്ള വിവിധ തസ്തികകളുടെ യോഗ്യതകളും മറ്റുവ്യവസ്ഥകളും എൽ.ജി.എസ് സർവ്വീസ് റൂളിലെ സമാന തസ്തികകളുടെ യോഗ്യതകൾക്കും വ്യവസ്ഥകൾക്കും സമാനമായിരിക്കുന്നതാണ്) | 18-36 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗങ്ങൾ എന്നിവർക്കുള്ള സാധാരണ ഇളവുകൾ ബാധകം) | രജിസ്ട്രാർ |
| 2 | യൂണിവേഴ്സിറ്റി ലൈബ്രേറിയൻ (യു.ജി.സി തസ്തിക) | നേരിട്ടുള്ള നിയമനം (യു.ജി.സി മാനദണ്ഡങ്ങൾ പ്രകാരം) | യു.ജി.സി സ്കെയിൽ | I. 55% മാർക്കോടെ അഥവാ തത്തുല്യ ഗ്രേഡിൽ (ഗ്രേഡിംഗ് സമ്പ്രദായം നിലവിലുള്ളതാണെങ്കിൽ) ലൈബ്രറി സയൻസ്/ഇൻഫർമേഷൻ സയൻസ്/ഡോക്യുമെന്റേഷൻ സയൻസ് വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം അഥവാ ഗ്രേഡിംഗ് സമ്പ്രദായം നിലവിലുള്ളതാണെങ്കിൽ ഏതെങ്കിലും പോയിന്റ് സ്കെയിലിൽ അതിനു തുല്യമായ ഗ്രേഡ്.<br>II. യൂണിവേഴ്സിറ്റി ലൈബ്രറിയിൽ | യുജിസി മാനദണ്ഡപ്രകാരം | വൈസ് ചാൻസിലർ |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഡെപ്യൂട്ടി/അസിസ്റ്റന്റ് ലൈബ്രേറിയൻ ആയി (ഫീഡർ കാറ്റഗറി അനുസരിച്ച്) കുറഞ്ഞത് 10 വർഷത്തെ പ്രവർത്തിപരിചയം അല്ലെങ്കിൽ ലൈബ്രറി സയൻസിൽ അസിസ്റ്റന്റ് പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസറായി 10 വർഷത്തെ അദ്ധ്യാപന പരിചയം അല്ലെങ്കിൽ കോളേജ് ലൈബ്രേറിയനായി 10 വർഷത്തെ പ്രവർത്തി പരിചയം.<br>III. വിവര സാങ്കേതിക വിദ്യ ലൈബ്രറികളിൽ സംയോജിപ്പിച്ചു കൊണ്ടുള്ള ഇന്നവേറ്റീവ് ലൈബ്രറി സേവനങ്ങളിലുള്ള പ്രവൃത്തി പരിചയം<br>IV. ലൈബ്രറി സയൻസ്/ ഇൻഫർമേഷൻ സയൻസ്/ഡോക്യുമെന്റേഷൻ/ ആർക്കൈവ് ആന്റ് മാനുസ്ക്രിപ്റ്റ് കീപ്പിംഗ് എന്നിവയിലുള്ള ഒരു പി.എച്ച്.ഡി. ബിരുദം. | | |
| 3 | പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II (ലൈബ്രറി) | നേരിട്ടുള്ള നിയമനം | രൂപ.27,800 -59,400 | ലൈബ്രറി സയൻസിൽ എം.എൽ.ഐ.എസ്.സി അഥവാ ബി.എൽ.ഐ.എസ്.സി അഥവാ മറ്റേതെങ്കിലും തത്തുല്യ യോഗ്യത | 22 - 36 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗങ്ങൾ എന്നിവർക്കുള്ള സാധാരണ ഇളവുകൾ ബാധകം) | രജിസ്ട്രാർ |
| 4 | യൂണിവേഴ്സിറ്റി എഞ്ചിനീയർ | നേരിട്ടുള്ള നിയമനം | രൂപ.68, 700 - 1,10,400 | 1. സിവിൽ എഞ്ചിനീയറിം ഗിൽ ബിരുദം അഥവാ തതുല്യ യോഗ്യത<br>2.സർക്കാർ/പൊതുമേഖല/അർദ്ധ | 22-50 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗങ്ങൾ | വൈസ് ചാൻസിലർ |

| | | | | | | |
|---|---|---|---|---|---|---|
| | | | | സർക്കാർ/സ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലോ അതിലും ഉയർന്ന തസ്തികയിലോ ഉള്ള മൊത്തം 10 വർഷത്തെ പ്രവൃത്തിപരിചയം. | എന്നിവർക്കുള്ള സാധാരണ ഇളവ് ബാധകം) | |
| 5 | (i) അസിസ്റ്റന്റ് എഞ്ചിനീയർ സിവിൽ<br>(ii) അസിസ്റ്റന്റ് എഞ്ചിനീയർ മെക്കാനിക്കൽ<br>(iii) അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ<br>(iv) അസിസ്റ്റന്റ് എഞ്ചിനീയർ ഇൻസ്ട്രുമെന്റേഷൻ | നേരിട്ടുള്ള നിയമനം | രൂപ.39,500 -83,000<br>,,<br>,,<br>,, | (i) സിവിൽ എഞ്ചിനീയറിംഗിൽ ബിരുദം അഥവാ തത്തുല്യ യോഗ്യത<br>(ii) മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം അഥവാ തത്തുല്യ യോഗ്യത<br>(iii) ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം അഥവാ തത്തുല്യ യോഗ്യത<br>(iv) ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗിൽ ബിരുദം അഥവാ തത്തുല്യ യോഗ്യത | 21-40 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗങ്ങൾ എന്നിവർക്കുള്ള സാധാരണ ഇളവ് ബാധകം) | വൈസ് ചാൻസിലർ |
| 6 | (i) ഓവർസിയർ ഗ്രേഡ് - II സിവിൽ,<br>(ii) ഓവർസിയർ ഗ്രേഡ് - II മെക്കാനിക്കൽ,<br>(iii) ഓവർസിയർ ഗ്രേഡ് - II ഇലക്ട്രിക്കൽ | നേരിട്ടുള്ള നിയമനം | രൂപ.22,200 -48,000<br>,,<br>,, | 1. ബന്ധപ്പെട്ട വിഷയത്തിൽ (സിവിൽ/ഇലക്ട്രിക്കൽ/ മെക്കാനിക്കൽ) ഉള്ള 3 വർഷത്തെ അംഗീകൃത ഡിപ്ലോമ അഥവാ തത്തുല്യ യോഗ്യത.<br>അല്ലെങ്കിൽ<br>2. എസ്സ്.എസ്സ്.എൽ.സി അഥവാ തത്തുല്യ യോഗ്യതയും താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യതയും കൂടി ഉണ്ടായിരിക്കുകയും ചെയ്യേണ്ടതാണ്, അതായത്-<br>a. കേരള ഗവൺമെന്റ് സർട്ടിഫിക്കറ്റ് (ദ്വിവൽസര കോഴ്സ്) അല്ലെങ്കിൽ<br>b. ഇന്ത്യ ഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയം നടത്തുന്ന ഇൻഡസ്ട്രിയൽ | 18-36 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗങ്ങൾ എന്നിവർക്കുള്ള സാധാരണ ഇളവ് ബാധകം) | രജിസ്ട്രാർ |

| | | | | | | |
|---|---|---|---|---|---|---|
| | | | | ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്/സെന്റർ എന്നിവയിലെ 18 മാസത്തെ കോഴ്സിൽ ഡ്രാഫ്റ്റ്സ്മാൻ ട്രേഡിൽ (6 മാസത്തെ പ്രാക്റ്റിക്കൽ ട്രെയിനിംഗ് ഉള്ള) ഡ്രാഫ്റ്റ്സ്മാൻഷിപ്പിലുള്ള ഡിപ്ലോമ. | | |
| 7 | ഇലക്ട്രീഷ്യൻ | നേരിട്ടുള്ള നിയമനം | രൂപ.18,000 -41,500 | 1. എസ്സ്.എസ്സ്.എൽ.സി അഥവാ തത്തുല്യ യോഗ്യതയും, എൻ.റ്റി.സി ഇലക്ട്രിക്കൽ/വയർമാൻ അല്ലെങ്കിൽ എസ്സ്.എസ്സ്.എൽ.സി അഥവാ തത്തുല്യ യോഗ്യതയും വയർമാൻ ലൈസൻസും.<br>2. വയർമാൻ/ഇലക്ട്രീഷ്യൻ ആയി 2 വർഷത്തെ പ്രവൃത്തി പരിചയം | 18-36 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗം എന്നിവർക്കുള്ള സാധരണ ഇളവ് ബാധകം) | രജിസ്ട്രാർ |
| 8 | പമ്പ് ഓപ്പറേറ്റർ | നേരിട്ടുള്ള നിയമനം | രൂപ.18,000 -41,500 | 1. എസ്സ്.എസ്സ്.എൽ.സി യോ തത്തുല്യ യോഗ്യതയോ<br>2. ഐ.റ്റി.ഐ/എൻ.റ്റി.സി മോട്ടോർ മെക്കാനിക്ക്/ഫിറ്റർ/ഇലക്ട്രീഷ്യൻ അഥവാ രണ്ടു വർഷത്തെ മെട്രിക് കോഴ്സിനുശേഷം നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് നൽകുന്ന ഡ്രാഫ്റ്റ്സ്മാൻ (ഇലക്ട്രിക്കൽ) ദ്വിവൽസര നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് അഥവാ തത്തുല്യ യോഗ്യത. | 18-36 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗം എന്നിവർക്കുള്ള സാധരണ ഇളവ് ബാധകം) | രജിസ്ട്രാർ |
| 9 | പബ്ലിക് റിലേഷൻസ് ആഫീസർ | നേരിട്ടുള്ള നിയമനം | രൂപ.42,500 -87,000 | 1.ജേർണലിസം/മാസ് കമ്മ്യൂണിക്കേഷൻ എന്നിവയിലെ ബിരുദാനന്തര ബിരുദം അഥവാ ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദവും ജേർണലിസം/ മാസ്കമ്മ്യൂണിക്കേഷൻ/പബ്ലിക് റിലേഷൻസിൽ ഡിപ്ലോമയും.<br>2. സർക്കാർ അംഗീകാരം/രജിസ്ട്രേഷൻ ഉള്ള മാധ്യമസ്ഥാപനങ്ങളിൽ നിന്നും മാധ്യമ രംഗത്ത് 3 വർഷത്തെ പ്രവർത്തിപരിചയം അഥവാ സർക്കാർ/അർദ്ധ സർക്കാർ/ സ്വയംഭരണ | 20-45 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗം എന്നിവർക്കുള്ള സാധരണ ഇളവ് ബാധകം) | വൈസ് ചാൻസിലർ |

| | | | | | | |
|---|---|---|---|---|---|---|
| | | | | സ്ഥാപനങ്ങളിൽ പി.ആർ പ്രൊഫഷണലായുള്ള മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം. | | |
| 10 | പ്രോഗ്രാം കോ ഓഡിനേറ്റർ (നാഷണൽ സർവ്വീസ് സ്കീം) | നേരിട്ടുള്ള നിയമനം | യു.ജി.സി സ്കെയിൽ | എൻ.എസ്.എസ് പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്ത് പ്രവർത്തി പരിചയമുള്ള, ഒരു സർവ്വകലാശാലയിലേയോ/ അഫിലിയേറ്റഡ് കോളേജുകളിലേയോ അസോസിയേറ്റ് പ്രൊഫസർ അഥവാ ഒരു അഫിലിയേറ്റഡ് കോളേജിലെ പ്രിൻസിപ്പാൾ. | 22-50 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗം എന്നിവർക്കുള്ള സാധരണ ഇളവ് ബാധകം) | സിൻഡിക്കേറ്റ് |
| 11 | സെക്യൂരിറ്റി ആഫീസർ | നേരിട്ടുള്ള നിയമനം | രൂപ.39,500 -83,000 | അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ ഉള്ള ബിരുദവും ക്യാപ്റ്റൻ പദവിയിൽ നിന്നോ അല്ലെങ്കിൽ നാവികസേനയിൽ നിന്നോ വായു സേനയിൽ നിന്നോ തത്തുല്യ പദവിയിൽ നിന്നും വിരമിച്ച വിമുക്തഭടൻ. (ഭിന്ന ശേഷിക്കാർ ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ യോഗ്യരല്ല) | 18-45 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗം എന്നിവർക്കുള്ള ഇളവ് ബാധകം) | വൈസ് ചാൻസിലർ |
| 12 | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (ഹെവി പാസഞ്ചർ/ഗുഡ്സ് വെഹിക്കിൾ) | നേരിട്ടുള്ള നിയമനം | രൂപ.18,000 -41,500 | 1. A pass in Std.VII or Equivalent Qualification<br>2. Must posses Current Motor Driving License to drive Light Motor Vehicles and Heavy Motor Vehicles with Drivers Badge. Heavy Motor Vehicle Driving License shall be at least 3 years standing and in the case of driving License issued after 16.01.1979 separate endorsement to drive Heavy Duty Goods Vehicles and Heavy Duty Passenger Vehicles. | 18-36 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗം എന്നിവർക്കുള്ള സാധരണ ഇളവ് ബാധകം) | രജിസ്ട്രാർ |

| | | | | | | |
|---|---|---|---|---|---|---|
| | | | | 3. Medical Fitness - Should be medically fit as per the standards specified below :<br>(i) Ear - Hearing should be perfect<br>(ii) Eye - Distant vision : - 6/6 Snellen<br>Near vision :- 0.5 snellen<br>Colour vision :- Normal<br>Night Blindness :- Nil<br>(iii) Muscles and Joints :- No Paralysis and all joints with free movements<br>(iv) Nervous System :- Perfectly normal, free from any infectious diseases.<br>Notes : 1) Driving License shall be valued not only at the time of application but also at each stage of selection<br>2) Proficiency in Driving Heavy Duty Vehicles is to be proved by a practical test conducted by the KPSC during each course of selection<br>3) Medical fitness shall be proved by a proper Medical Certificate obtained from a Medical Officer not below the rank of an Assistant Surgeon.<br>4) Differently abled persons are not eligible to apply for the post | | |
| 13 | ബസ് ക ണ്ടക്ടർ | നേരിട്ടുള്ള നിയമനം | രൂപ.19,000 -43,600 | എസ്സ്.എസ്സ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യതയും കണ്ടക്ടർ ലൈസൻസും ബാഡ്ജും. | 18-36 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗങ്ങൾക്കു ള്ള സാധരണ ഇളവ് ബാധകം) | രജിസ്ട്രാർ |
| 14 | സിസ്റ്റം മാനേജർ | നേരിട്ടുള്ള | | MCA/B.Tech Electrical & Electronics/Computer Science | 18-45 വയസ്സ് | |

| | | | | | | |
|---|---|---|---|---|---|---|
| | | നിയമനം | രൂപ.55,350 -1,01,400 | OR<br>B.Tech (any discipline) with specialisation in Computer (ie. PGDCA or equivalent) with 8 years experience in Data Processing / Software Development<br>OR<br>B.Tech (any Discipline) with 10 years experience in Data Processing / Software Development<br>OR<br>MSc with specialisation in Electronics/Physics/Computer Science/Mathematics/Statistics with 10 years experience in Data Processing / Software Development | (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗം എന്നിവർക്കുള്ള സാധരണ ഇളവ് ബാധകം) | വൈസ് ചാൻസിലർ |
| 15 | സിസ്റ്റം അനലിസ്റ്റ് | നേരിട്ടുള്ള നിയമനം | രൂപ.42,500 -87,000 | MCA/B.Tech Electrical & Electronics/Electronics/ Computer Science with 3 years experience in Data Processing / Software Development<br>OR<br>B.Tech (any discipline) with specialisation in Computer Science such as PGDCA or equivalent with 3 years experience in Data Processing / Software Development<br>OR<br>B.Tech (any discipline) with 5 years experience in Data Processing / Software Development<br>OR<br>M.Sc with specialisation in Electronics/Physics/Computer Science/Mathematics/Statistics with 5 years experiences in Data Processing / Software Development | 18-40 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗം എന്നിവർക്കുള്ള സാധരണ ഇളവ് ബാധകം) | വൈസ് ചാൻസിലർ |

| | | | | | | |
|---|---|---|---|---|---|---|
| 16 | പ്രോഗ്രാമർ | നേരിട്ടുള്ള നിയമനം | Rs.39, 500-83,000 | MCA/B.Tech Electrical & Electronics/Electronics /Computer Science<br>OR<br>B.Tech (any discipline) with specialisation on Computer (ie. PGDCA or equivalent)<br>OR<br>B.Tech (any discipline) with minimum 1 year experience in Data Processing / Software Development<br>OR<br>M.Sc with specialisation in Electronics/Physics/Computer Science/Mathematics/Statistics with minimum 1 year experience in Data Processing / Software Development | 18-36 വയസ്സ് (പട്ടികജാതി/ പട്ടികവർഗ്ഗം, മറ്റ് അർഹതപ്പെട്ട വിഭാഗം എന്നിവർക്കുള്ള സാധാരണ ഇളവ് ബാധകം) | വൈസ് ചാൻസിലർ |